# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2146** **05.05.2017-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ തീരദേശ വികസനപദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു |
| ബി) തീരദേശ വികസന പദ്ധതിയിൽ പ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ? | ബി) തീരദേശ വികസന പദ്ധതിയിൽ പ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

തീരദേശ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ

## ഫിഷറീസ് വകുപ്പ്

1. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.
2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.
3. മെഡിക്കൽ ക്യാമ്പ്.
4. അക്ഷരസാഗരം
5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യപി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.
6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പൂർണ്ണമായ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.
7. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.
8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.
9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
10. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.
11. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.
12. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.
13. കടലിൽ കൂടുകളിൽ മത്സ്യങ്ങളെ വളർത്തുന്ന പദ്ധതി.
14. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പദ്ധതി.
15. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം .തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പി ക്കൽ 2016-17.
16. ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണ പദ്ധതി.
17. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.
18. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.
19. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.
20. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്ന തീരമൈത്രി പദ്ധതി.
21. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതി.
22. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരനൈപുണ്യ പദ്ധതി.
23. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.
24. ഹാർബറുകളുടേയും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും നിർമ്മാണവും നവീകരണവും.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

തീരദേശ വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫിഷിംഗ് ഹാർബറുകളുടേയും, ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും നവീകരണം, നിർമ്മാണം പുരോഗമിച്ചുവരുന്ന ഫിഷിംഗ് ഹാർബറുകളുടെ പൂർത്തീകരണം, തീരദേശ റോഡുകളുടെ പുനരുദ്ധാരണം, തീരദേശത്തെ പാലങ്ങളുടെ ഫിഷറീസ് സ്കൂളുകളുടെയും, നിർമ്മാണം പുനരുദ്ധാരണം എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ഒപ്പ്)
**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

തീരദേശ വികസന പദ്ധതിയിൽപ്പെടുത്തി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ.

**ഫിഷറീസ് വകുപ്പ്**

1. 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതിയിൽ ഉൾപ്പെടുത്തി ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂൾഅടുക്കത്ത്ബയൽ കസബയിൽ 149.00 ലക്ഷം രൂപയുടെ അടിസ്ഥാനസൗകര്യ വികസനം.
2. ജി.എഫ്.എൽ.പി.എസ്. കുമ്പള, ജി.എഫ്.എൽ.പി.എസ്. ബേക്കൽ എന്നീ സ്കൂളുകളിൽ കിച്ചൺ ഷെഡ് നിർമ്മാണം.
3. ജി.ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട് സ്കൂളിൽ സ്മാർട്ട് ക്ലാസ് റൂം നിർമ്മാണം.
4. ജി.ആർ.എഫ്.ടി.എച്ച്.എസ്. കാഞ്ഞങ്ങാട്, ജി.എഫ്.എച്ച്.എസ്.എസ്. കുമ്പള, ജി.എഫ്.എച്ച്.എസ്. മരക്കാപ്പ് കടപ്പുറം, ജിഎച്ച്.എസ്.എസ്. ചന്ദ്രഗിരി എന്നീ സ്കൂളുകളിൽ സ്പോർട്സ് കിറ്റ് വിതരണം.
5. സാഫ് വഴി തീരമൈത്രി, തീരനൈപുണ്യ പദ്ധതികൾ.
6. കാസറഗോഡ് ജില്ലയിലെ ഉദുമ അസംബ്ളി മണ്ഡലത്തിൽ പള്ളിക്കര എന്ന സ്ഥലത്ത് പ്രൈമറി ഹെൽത്ത് സെന്ററിന് ഒരു പുതിയ കെട്ടിടം ഉണ്ടാക്കുന്ന പ്രവൃത്തി (ആകെ 187 ലക്ഷം).
7. കാസറഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, പടന്ന എന്ന സ്ഥലത്ത് വി.കെ.പി.മെമ്മോറിയൽ പബ്ളിക് ഹെൽത്ത് സെന്റർ എന്ന പേരിൽ ഒരു പുതിയ കെട്ടിടം സ്ഥാപിക്കൽ (194 ലക്ഷം).
8. ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.
9. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.
10. മെഡിക്കൽ ക്യാമ്പ്.
11. അക്ഷരസാഗരം
12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യപി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.
13. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

14. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതി.

15. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.

16. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.

17. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി.

18. കടലിൽ കൂടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുന്ന പദ്ധതി.

19. മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പദ്ധതി.

20. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2016-17.

21. ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണ പദ്ധതി.

22. മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന സ്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.

23. മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീ ശാക്തീകരണം സാധ്യമാക്കുന്ന തീരമൈത്രി പദ്ധതി.

24. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതി.

25. മത്സ്യത്തൊഴിലാളി യുവതികൾക്കായി തീരനൈപുണ്യ പദ്ധതി.

26. തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

27. ഹാർബറുകളുടേയും കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടേയും നിർമ്മാണവും നവീകരണവും.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

- നിർമ്മാണം പുരോഗമിച്ചുവരുന്ന മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ ഈ വർഷം തന്നെ പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

- കൂടാതെ അജാനൂർ ഫിഷറി ഹാർബറിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും മോഡൽ സ്റ്റഡി റിപ്പോർട്ട് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിർദ്ദേശത്തിന് വിധേയമായി പരിസ്ഥിതി ആഘാത പഠനത്തിനുശേഷം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്.

- കാസർഗോഡ് വികസന പദ്ധതിയിലുൾപ്പെടുത്തി മഞ്ചേശ്വരം ഫിഷറി ഹാർബർ ബ്രിഡ്ജ്, കാഞ്ഞങ്ങാട് മത്സ്യ മാർക്കറ്റ് നവീകരണം, തീരദേശ റോഡുകളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട് പ്രവൃത്തി ഉടൻ നടപ്പാക്കുന്നതാണ്.

- കാസർഗോഡ് വികസന പദ്ധതിയിലുൾപ്പെടുത്തിയ കസബ പള്ളം, പാലം നിർമ്മാണം 2017 മെയിൽ പൂർത്തീകരിക്കുന്നതാണ്.

- ചെറുവത്തൂർ, കാസർഗോഡ് മത്സ്യബന്ധന തുറമുഖങ്ങളുടെ ചാനൽ ആഴം കൂട്ടുന്നതിനുള്ള ഡ്രഡ്ജിംഗ് പ്രവൃത്തികൾക്കായി യഥാക്രമം 450,150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

- ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി NFDB. യിൽ 1305 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

- മഞ്ചേശ്വരം മത്സ്യബന്ധതുറമുഖത്തിന്റെ സമീപമുള്ള കടലോരത്തിന്റെ സംരക്ഷണത്തിനായി ഗ്രോയിനുകൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ഭരണാനുമതിക്കായി 15 കോടി രൂപയുടെ പദ്ധതി KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്.

- തീരദേശ റോഡുകളുടെ വികസനത്തിനായി 579.78 ലക്ഷം രൂപയുടെ പദ്ധതി ഈ സർക്കാർ അംഗീകാരത്തിൽ വന്നശേഷം അംഗീകാരം നൽകിയിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**